**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1572** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിനു കീഴിലുള്ള പ്രവൃത്തികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിനു കീഴിൽ നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** അഴീക്കോട് മണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പാപ്പിനിശ്ശേരി പഞ്ചായത്ത് ഗ്രൗണ്ടിലെ തുരുത്തി ഇൻഡോർ സ്റ്റേഡിയം | 4,89,40,300/- | ഇൻഡോർ സ്റ്റേഡിയത്തിനായുള്ള പൈലിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൈൽ ക്യാപ്പ്, ഗ്രേഡ് ബീം, പ്ലിന്ത് ബീം, ബേയ്സ്മെന്റ് ഫില്ലിംഗ് വരെയുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | അഴീക്കോട് പഞ്ചായത്തിലെ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ നിർമ്മാണം | 69,83,000/- | ഫിറ്റ്നസ് സെന്റർ നിർമ്മാണത്തിനായി പഞ്ചായത്ത് നിർദ്ദേശിച്ച കെട്ടിടത്തിന് ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ബലം ഇല്ലാത്തതിനാൽ പ്രസ്തുത കെട്ടിടത്തിൽ ഫിറ്റ്നസ് ഉപകരണങ്ങൾ സ്ഥാപിക്കുവാൻ സാധിച്ചിരുന്നില്ല. ആയതിന്റെ അടിസ്ഥാനത്തിൽ അഴീക്കോട് പഞ്ചായത്തിലെ പുതിയ കെട്ടിടത്തിന്റെ ടെറസ്സ് ഫ്ളോറിൽ ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുവാൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിർദ്ദേശിച്ച സ്ഥലത്ത് സോളാർ പാനലുകൾ സ്ഥാപിച്ചിരിക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. |
| 3 | കൃഷ്ണ മേനോൻ മെമ്മോറിയൽ ഗവ. വുമൺസ് കോളേജിലെ സ്റ്റേഡിയം | 5,00,00,000/- | ഹോസ്റ്റൽ ബിൽഡിംഗിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് ഫ്ളോറിന്റെ ലിന്റിൽ ലെവൽ വരെയുള്ള പ്രവൃത്തികൾ പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | നിർമ്മാണം | | 17% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2027 മേയ് മാസം അവസാനത്തോടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 4 | ഗവ. റീജിണൽ ഫിഷറീസ് ടി.വി. എച്ച്.എസ്.എസ് അഴീക്കൽ | 66,94,000/- | സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് നൽകുവാൻ സ്കൂളിനോട് ആവശ്യപ്പെട്ട പ്രകാരം 27.01.2026 തീയ്യതിയിൽ സ്കൂളിൽ നിന്നും ഉപകരണങ്ങളുടെ ലിസ്റ്റ് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 5 | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി - നാറാത്ത് ഗ്രാമപഞ്ചായത്തിലെ നാറാത്ത് മിനി സ്റ്റേഡിയം വികസനം | 70,00,000/- | നാറാത്ത് മിനി സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 35.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 08.11.2025 തീയ്യതിയിലെ കായിക വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം 70.00 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതിയും നൽകിയിരുന്നു. 65.72 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. ശ്രീ.മുഹമ്മദ് റാഫി, തളിപ്പറമ്പ് എന്ന കരാറുകാരന് കരാറിൽ ഏർപ്പെടുകയും ചെയ്തു. ടി പദ്ധതിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫെൻസിംഗ്, ഫ്ളെഡ് ലൈറ്റ്, ക്രിക്കറ്റ് പ്രാക്ടീസ് നെറ്റ്, നിലവിലുള്ള ഗ്യാലറിയുടെ നവീകരണം, ഇന്റർ ലോക്കിംഗ് എന്നീ |

| | | | |
|---|---|---|---|
| | | | ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2026 ഡിസംബർ മാസം അവസാനത്തോട്ടു കൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 6 | അഴീക്കോട് നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുത്ത 54 ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം | 4,81,000/- | പ്രസ്തുത പ്രവൃത്തിക്കായി ബഹു. അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എ.-യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി 4,81,000/- രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. 4.47,000/- രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി. തുടർന്ന് ദർഘാസുകൾ ക്ഷണിച്ചിരുന്നെങ്കിലും ആദ്യ രണ്ട് ദർഘാസിലും കരാറുകാർ ആരും തന്നെ പങ്കെടുത്തിരുന്നില്ല. മൂന്നാമത്തെ ദർഘാസിൽ പങ്കെടുത്ത കരാറുകാരന് ടെണ്ടറിൽ പറഞ്ഞിരിക്കുന്ന യോഗ്യതയില്ലാത്തതിനാൽ 28.01.2026 തീയ്യതിയിൽ പുനർ ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ പ്രസ്തുത ദർഘാസിലും പങ്കെടുത്ത കരാറുകാരന് ടെണ്ടറിൽ പറഞ്ഞിരിക്കുന്ന യോഗ്യതയില്ലാത്തിനാൽ ടെണ്ടർ കണ്ടീഷനിൽ വ്യത്യാസം വരുത്തി 24.06.2026 തീയ്യതിയിൽ ദർഘാസ് ക്ഷണിക്കുകയും പ്രസ്തുത ദർഘാസിൽ 2 കരാറുകാരെ ലഭിക്കുകയും എൽ1 കരാറുകാരന് വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |